അന്തർ സംസ്ഥാന റോഡുകൾ

2006-07	14.24 കോടി	
2007-08	18.79 കോടി	
2008-09		1.2593 കോടി
2009-10		11.8122 കോടി
2010-11		1.9988 കോടി

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. *

ഹോസ്ദുർഗ് പാണത്തൂർ റോഡ്

168 (5873) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ 'ഹോസ്ദുർഗ്ഗ് -പാണത്തൂർ' റോഡ് കേന്ദ്ര റോഡ് ഫണ്ട് ഉപയോഗിച്ച് അഭിവൃദ്ധിപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ ഈ പ്രവൃത്തി കേന്ദ്ര റോഡ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) ഹോസ്ദുർഗ്ഗ്-പാണത്തൂർ റോഡിന്റെ കി.മി. 0/000 മുതൽ 15/000 വരെ അഭിവൃദ്ധിപ്പെടുത്തുന്നതിന് 900 ലക്ഷത്തിന്റെ പദ്ധതി നിർദ്ദേശം 2010-11-ലെ കേന്ദ്ര റോഡു ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ വിശദമായ അടങ്കൽ തയ്യാറാക്കിവരുന്നു.

വയനാട് ജില്ലയിലെ റോഡുകൾ

169 (5874) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന റോഡുകളുടെ ദൂരം, വീതി റോഡുകളുടെ തരം എന്നിവ മാപ്പ് സഹിതം സെക്ഷൻ തിരിച്ച് ലഭ്യമാക്കുമോ ;

(ബി) പി.ഡബ്ല്യു.ഡി. വകുപ്പിന് ജില്ലാതലത്തിൽ സ്റ്റോർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ച് വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly